**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം. 1795** **04/12/2018 -ൽ മറുപടിക്ക്**

## കുന്ദമംഗലം ഗവ. കോളേജിന്റെ കെട്ടിട നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | കുന്ദമംഗലം ഗവ. കോളേജിന് കെട്ടിടം നിർമ്മിക്കാൻ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്ദമംഗലം ഗവൺമെന്റ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10,74,63,509/- (പത്ത് കോടി എഴുപത്തിനാല് ലക്ഷത്തി അറുപത്തി മൂവായിരത്തി അഞ്ഞൂറ്റൊൻപത്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി എന്തെല്ലാം നിർമ്മാണങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് നിലയുള്ള ഒരു അക്കാദമിക് ബ്ലോക്ക്, രണ്ട് നിലയുള്ള ലേഡീസ് ഹോസ്റ്റൽ, രണ്ട് നിലയുള്ള ക്യാന്റീൻ ബ്ലോക്ക് എന്നിവ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ടെണ്ടർ ചെയ്തപ്പോൾ ഉയർന്ന നിരക്കിലുള്ള ഏക ടെണ്ടർ ലഭിച്ചതിനാൽ റീ ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകൂ. |

സെക്ഷൻ ഓഫീസർ